# സന്നദ്ധ സേവനങ്ങളെ തകർക്കുന്ന FCRA നിയമഭേദഗതി പുനഃപരിശോധിക്കണം - എം.സി.എ സഭതല സമിതി

2026 ഏപ്രിൽ 1

രാജ്യത്തെ ന്യൂനപക്ഷ സന്നദ്ധ സംഘടനകളുടെയും ക്രൈസ്തവ സ്ഥാപനങ്ങളുടെയും പ്രവർത്തന സ്വാതന്ത്ര്യത്തെയും നിലനിൽപ്പിനെയും പൂർണ്ണമായും ഇല്ലാതാക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിദേശ സഹായ നിയന്ത്രണ നിയമ (FCRA) ഭേദഗതി ബിൽ 2026-നെതിരെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അല്മായ സംഘടനയായ മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ) സഭതല സമിതി ശക്തമായ പ്രതിഷേധവും ആശങ്കയും രേഖപ്പെടുത്തുന്നു. ഈ ബില്ലിലൂടെ രൂപീകരിക്കപ്പെടുന്ന 'ഡെസിഗ്നേറ്റഡ് അതോറിറ്റി' എന്ന സംവിധാനം അങ്ങേയറ്റം ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. നിശ്ചിത സമയത്ത് രജിസ്ട്രേഷൻ പുതുക്കാൻ അപേക്ഷിക്കാതിരിക്കുകയോ അല്ലെങ്കിൽ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്താൽ സർട്ടിഫിക്കറ്റ് അസാധുവായതായി കണക്കാക്കും. ഇത്തരത്തിൽ ലൈസൻസ് റദ്ദാക്കപ്പെട്ടാൽ, ഒരു കോടതിയുടെ പോലും മുൻകൂർ അനുമതിയോ ഉത്തരവോ ഇല്ലാതെ തന്നെ ആ സംഘടനയുടെ ഭൂമി, കെട്ടിടങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സകല ആസ്തികളും ഏറ്റെടുക്കാൻ ഈ അതോറിറ്റിക്ക് അമിതാധികാരം നൽകപ്പെട്ടിരിക്കുന്നു.

ഈ ഭേദഗതിയിലെ ആസ്തി വിനിയോഗവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഏറെ ആശങ്കാജനകമാണ്. സെക്ഷൻ 16A പ്രകാരം പിടിച്ചെടുക്കുന്ന ആസ്തികൾ വിൽക്കാനോ മറ്റ് സർക്കാർ വകുപ്പുകൾക്ക് കൈമാറാനോ അതോറിറ്റിക്ക് അധികാരമുണ്ട്. വിൽപനയിലൂടെ ലഭിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. പതിറ്റാണ്ടുകളായുള്ള സാമൂഹിക സേവനത്തിലൂടെയും വിദേശ സഹായ വിനിയോഗത്തിലൂടെയും കെട്ടിപ്പടുത്ത ഇത്തരം ആസ്തികൾ ഭരണകൂടം നേരിട്ട് ഏറ്റെടുക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനവും സന്നദ്ധ മേഖലയുടെ നിലനിൽപ്പിന് ഭീഷണിയുമാണ്. ഏറ്റെടുക്കുന്ന ആസ്തികളിൽ ആരാധനാലയങ്ങൾ ഉണ്ടെങ്കിൽ അവയുടെ മാനേജ്മെന്റ് ചുമതല സർക്കാർ നിശ്ചയിക്കുന്ന വ്യക്തികളെ ഏൽപ്പിക്കാമെന്ന വ്യവസ്ഥ സഭയുടെ സ്വതന്ത്രമായ മതപരമായ പ്രവർത്തനങ്ങളിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. കൂടാതെ, സെക്ഷൻ 16C പ്രകാരം പ്രവർത്തനം നിലയ്ക്കുന്ന സംഘടനകളുടെ ആസ്തികൾ നേരിട്ട് ഡിസിഗ്നേറ്റഡ് അതോറിറ്റിയിൽ നിക്ഷിപ്തമാകുമെന്ന വ്യവസ്ഥ സന്നദ്ധ മേഖലയുടെ സ്വാശ്രയത്വത്തെ ഇല്ലാതാക്കുന്നതാണ്.

വിദേശ ഫണ്ടുകൾക്ക് ഏർപ്പെടുത്തുന്ന ഇത്തരം കർക്കശമായ നിയന്ത്രണങ്ങൾ സ്ഥാപനങ്ങളേക്കാൾ കൂടുതൽ ബാധിക്കുന്നത് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള അശരണരായ മനുഷ്യരെയാണ്. എയ്ഡ്സ് ബാധിച്ച കുഞ്ഞുങ്ങൾ, ഓട്ടിസം ബാധിച്ചവർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, അനാഥർ, അശരണരായ വയോധികർ എന്നിവരെ സംരക്ഷിക്കുന്ന സഭയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും കാരുണ്യ കേന്ദ്രങ്ങളെ ശ്വാസം മുട്ടിക്കുന്ന നടപടിയാണിത്. അതിനാൽ, ജനാധിപത്യ മൂല്യങ്ങളെ തകർക്കുന്ന ഈ ഭേദഗതി ബില്ല് കേന്ദ്ര സർക്കാർ അടിയന്തരമായി പുനഃപരിശോധിക്കണമെന്നും സന്നദ്ധ മേഖലയുടെ ആശങ്കകൾ പരിഹരിക്കണമെന്നും എം.സി.എ സഭതല സമിതി ആവശ്യപ്പെടുന്നു. സഭയുടെയും വിശ്വാസസമൂഹത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പാക്കാൻ സഭാനേതൃത്വവുമായി ചേർന്ന് നിയമപരവും ജനാധിപത്യപരവുമായ എല്ലാ നീക്കങ്ങളിലും എം.സി.എ മുൻപന്തിയിലുണ്ടാകുമെന്നും, സഭയുടെ കാരുണ്യപ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങൾക്കും നേരിടുന്ന ഏത് വെല്ലുവിളിയെയും പ്രതിരോധിക്കാൻ സഭയ്ക്കൊപ്പം എന്നും എം.സി.എ ഉറച്ചുനിൽക്കും.

വിശ്വാസപൂർവ്വം,

എം.സി.എ സഭതല സമിതിക്കു വേണ്ടി ,

ഫാ. മാത്യൂസ് കുഴിവിള
ആത്മീയോപദേഷ്ടാവ്

ശ്രീ . ബൈജു. എസ്. ആർ
പ്രസിഡന്റ്

ശ്രീ. പി. രാജേന്ദ്ര ബാബു
ജനറൽ സെക്രട്ടറി